2. പെരിഞ്ഞോം താലൂക്ക് ആശുപത്രി

- സിവിൽ സർജൻ - 1
- ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 1
- ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - 1
- അസിസ്റ്റന്റ് സർജൻ - 1

3. പയ്യന്നൂർ താലൂക്കാശുപത്രി

- ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) - 1
- ജൂനിയർ കൺസൾട്ടന്റ് (സർജറി) - 1
- ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - 1
- ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - 1
- കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 1

(ബി) പി.എസ്.സി-യിൽ നിന്നും നിയമന നിർദ്ദേശം ലഭിച്ചവരിൽ നിന്നും 1-8-2014-ന് നടക്കുന്ന കൗൺസിലിംഗ് മുഖാന്തിരം അസിസ്റ്റന്റ് സർജന്റെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റുള്ള ഒഴിവുകൾ സർവ്വീസിൽ പി.ജി. യോഗ്യതയുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ചും, പ്രൊമോഷൻ മുഖേനയും നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നാട്ടികമണ്ഡലം സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ

62 (6767) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ദീർഘനാളുകളായി ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എത്രയുംവേഗം നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ദീർഘനാളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പ്രധാനമായും സിവിൽ സർജൻ, ചെസ്റ്റ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II എന്നിവയാണ്. സിവിൽ സർജൻ, ചെസ്റ്റ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ നിയമനം പ്രൊമോഷൻ മുഖേനയാണ് നടത്തുന്നത്. ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടരേഖകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് കൃത്യമായി ലഭിക്കാത്തതാണ് പ്രൊമോഷൻ നടപടികൾ വൈകുവാൻ കാരണം. നഴ്സ് വിഭാഗത്തിലെ തസ്തികകളിലെ അനുപാത പുനർനിർണ്ണയ പ്രക്രിയ നടക്കുന്നത് കാരണമാണ് ചെസ്റ്റ് നഴ്സ് തസ്തികയിലെ പ്രൊമോഷൻ വൈകുന്നത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലാണ് മറ്റ് തസ്തികകളിലെ നിയമനങ്ങൾക്ക് കാലതാമസം നേരിട്ടിട്ടുള്ളത്.

(സി) പ്രൊമോഷൻ മുഖേന നിയമനം നടത്തേണ്ട തസ്തികകളിൽ അപ്രകാരവും പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടവയിൽ അത്തരം നിയമനംവഴിയും ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വടക്കഞ്ചേരി സി.എച്ച്.സി-യിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

63 (6768) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കഞ്ചേരി ഗവൺമെന്റ് ആശുപത്രി സി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും സി.എച്ച്.സി. പാറ്റേൺ പ്രകാരം ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഈ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly